# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P9/496/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 11/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം, (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), കൊല്ലം
3)കാര്യാലയ പകർപ്പ്

നമ്പർ: KSA/KLM/P9/496/23 തീയ്യതി: 11/04/2023

## കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മാത്യൂറോയ്. കെ. പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-03-2023 | 17-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-03-2023 | 17-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സിജാറാണി എസ് (ഓഡിറ്റ് ഓഫീസർ )
ശ്രീ. രാജൻ വി ഡി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി. ജയകുമാരിഅമ്മ. ജി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. ശ്രീകുമാർ എസ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ആനന്ദവല്ലി.എ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.മുരളീധരൻപിള്ള | സെക്രട്ടറി | 01-04-2021 | 07-02-2022 |
| ശ്രീ.ബേബി എം എൻ | സെക്രട്ടറി | 08-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വേണുഗോപാൽ.ബി | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2021 | 30-06-2021 |
| ശ്രീമതി സിന്ധു എൽ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-07-2021 | 05-12-2021 |
| ശ്രീമതി ജോജി മറിയം ജോർജ്ജ് | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 06-12-2021 | 31-03-2022 |
| ശ്രീ.ബിജു.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലത.വി | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി സൂര്യ.എസ്.നായർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.എം.ആർ.കൃഷ്ണ | സി.ഡി.പി.ഒ | 01-04-2021 | 04-11-2021 |
| ശ്രീമതി ഷംല എ | സി.ഡി.പി.ഒ | 05-11-2021 | 31-03-2022 |
| ശ്രീ.ഷാജി ഡി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 18-07-2021 |
| ശ്രീ.ബേബി തോമസ് | പട്ടികജാതി വികസന ഓഫീസർ | 19-07-2021 | 19-12-2021 |
| ശ്രീമതി പൊന്നമ്മ സി എം | പട്ടികജാതി വികസന ഓഫീസർ | 20-12-2021 | 31-03-2022 |
| ശ്രീമതി വീണ വി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അമ്പിളികുമാരി | ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീ. ഹനീസ് മുഹമ്മദ് | ചീഫ് മെഡിക്കൽ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ, സി.എച്ച്.സി | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് പരിശോധന | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 10 | വരവ് തുക യഥാസമയം ഒടുക്കു വരുത്താത്തത്. | 1-9 |
| 11 | പഞ്ചായത്ത് രാജ് നിയമം ലംഘിച്ച് ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ നടപ്പാക്കി | 1-10 |
| 12 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 13 | ധനാഗമ/ധനവിനിയോഗ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക പിൻവലിച്ച് സൂക്ഷിച്ചു | 1-12 |
| 14 | അമ്മക്കിളിക്കൂട് -പദ്ധതി ലക്ഷ്യം കണ്ടില്ല -ചെലവ്തുക തടസ്സപ്പെടുത്തുന്നു. | 1-13 |
| 15 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-14 |
| 16 | പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-15 |
| 17 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-16 |
| 18 | മെറിറ്റോറിയസ് സ്കോളർഷിപ്പ്-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 1-17 |
| 19 | മരുന്നുവാങ്ങൽ പദ്ധതികൾ-രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 1-18 |
| 20 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| 21 | ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മെറിറ്റോറിയസ് സ്കോളർഷിപ്പ്-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 3-1 |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷ ബജറ്റ് 18.02.2021 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 26-03-2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.22 | 20.6.22 | - | - |

## 1-2-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2021-22 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വികസനഫണ്ട് – ജനറൽ ACR പ്രകാരമുള്ള ചെലവ് വാർഷികധനകാര്യപത്രികയും സുലേഖാ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. (ACR പ്രകാരം – 2,45,24,093/-, AFS പ്രകാരം-2,44,29,093/- സുലേഖ പ്രകാരം – 2,17,90,555/-)

2. വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ട അക്കൗണ്ടുകൾ മാസാന്ത്യ-വാരാന്ത്യ റീക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.ആയതിനാൽ വാർഷികധനകാര്യപത്രികയിൽ (RP-40(b) ഉൾപ്പെട്ട തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3. B-11(a)-Capital Work In Progress ആയി ഉൾപ്പെട്ട 25,86,863/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

4. ജോയിന്റ് വെഞ്ചർ അക്കൗണ്ട്- Treasury Special TSB-Joint Venture 2551-ബി-17 ഷെഡ്യൂൾ പ്രകാരം 10,00,000/-രൂപ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ബി-4 ഷെഡ്യൂളിൽ നീക്കിയിരുപ്പായി ഉൾപ്പെട്ടിട്ടുള്ളത് 20,91,535/- രൂപയും, രജിസ്റ്റർ പ്രകാരം 5,27,950/- രൂപയും ആണ്.

5. RP-43 Recievables From Govt.(Redemption Amount) 2,12,16,997/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 2551 നം. അക്കൗണ്ടിൽ നിന്നും 30.3.22 ൽ 1,85,92,127/- രൂപയാണ് Redemption Amount ആയി കുറവുചെയ്തിട്ടുള്ളത്. വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6. സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ / IAY / PMAY / PMKSY /MGNREGS ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

7. RP-7ഷെഡ്യൂൾ പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 34,30,000/-രൂപ ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് ചെലവായി സുലേഖാ സ്റ്റേറ്റ്മെന്റിൽ ഉൾപ്പട്ടിട്ടില്ല.

8. RP-31 Contributions For Joint Venture Projects ഇനത്തിൽ 1,41,00,000/-രൂപ ഉൾപ്പെട്ടിട്ടുണ്ട്. മുന്നിരിപ്പ് 35,00,000/- രൂപ ഉൾപ്പെടെ 1,76,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.ചെലവ് സുലേഖാ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

9. ബി- 4ഷെഡ്യൂളിൽ Recoveries Payable ഇനത്തിൽ ഉൾപ്പെട്ട 66,400/- രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

10. CFC - ACR പ്രകാരമുള്ള ചെലവുതുക സുലേഖാ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

ACR പ്രകാരം- 1,00,29,732/-

സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം- 96,15,232/-

11. B-7, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

12. RP-7 State Sponsored Schemes-Financial Help For Intercaste Marriages ഇനത്തിൽ ഉൾപ്പെട്ട 30,000/-

രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 1,32,02,648/- |
| വരവ് | ₹ 12,32,48,212/- |
| ആകെ | ₹ 13,64,50,860/- |
| ചെലവ് | ₹ 11,64,75,281/- |
| നീക്കിയിരിപ്പ് | ₹ 1,99,75,579/- |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ നിരാകരിച്ച തുക | ₹ 27,60,000/- |
| തടസ്സപ്പെട്ടുത്തിയ തുക | ₹ 38,97,748/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 25,21,71,139 | 25,21,71,139 | 2,45,24,093 | 6,93,046 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1,99,94,000 | 1,99,94,000 | 1,56,99,189 | 42,94,811 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 5,97,500 | 5,97,500 | 5,20,000 | 77,500 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | - | - | - | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 96,67,167 | 96,67,167 | 64,09,185 | 32,57,982 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( Tied-Bank) (ACR പ്രകാരം) | 0 | 68,82,000 | 68,82,000 | 22,62,207 | 46,19,793 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) (ACR പ്രകാരം) | 0 | 46,95,485 | 46,95,485 | 46,18,752 | 76,733 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury) (ACR പ്രകാരം) | 0 | 69,17,000 | 69,17,000 | 25,72,871 | 43,44,129 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) (ACR പ്രകാരം) | 0 | 8,26,799 | 8,26,799 | 3,28,104 | 4,98,695 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 9,44,14,194 | 130 | 5,48,23,726 | - | 8 | 94% |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-03-2023-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ലായിരുന്നു.

## 1-7 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി)

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. സ്വയം പിൻവലിക്കൽ നടത്തുന്ന ചെക്കുകൾ പ്രകാരമുള്ള തുകകളിൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുക പെറ്റി/സബ്സിഡിയറി കാഷ് ബുക്കിൽ ഉൾപ്പെടുത്തി അവയുടെ വിനിയോഗം എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് പൂർണ്ണമായും പ്രാവർത്തികമാക്കുന്നില്ല. അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്, റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ കൃത്യതയോടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

48544/എബി1/13/ത.സ്വ.ഭ.വ തീയതി 22.04.14 നമ്പർ സർക്കുലർ പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുമ്പോൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ദിവസംതോറും Day Book അതാത് ദിവസം തന്നെ പ്രിന്റെടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണം. രസീതുകളുടെ കൗണ്ടർഫോയിൽ, റദ്ദാക്കിയ രസീതുണ്ടെങ്കിൽ ആയതിന്റെ കൗണ്ടർ ഫോയിൽ എന്നിവയും രസീതും ദിവസക്രമത്തിൽ അടുക്കി കൃത്യമായി സൂക്ഷിക്കണം. ഇത് കൃത്യമായി ചെയ്യുന്നുണ്ടെന്ന് അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ട് പ്രത്യേക ശ്രദ്ധചെലുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൽ അതാത് ദിവസം തന്നെ Day Book പ്രിന്റെടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതുപോലെ രസീതുകളുടെ കൗണ്ടർ ഫോയിലും റദ്ദാക്കിയ രസീതുണ്ടെങ്കിൽ ആയതിന്റെ കൗണ്ടർ ഫോയിലും രസീതും ദിവസക്രമത്തിൽ അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. സാംഖ്യ രസീതുകൾ കൃത്യമായി സ്റ്റോക്കിലെടുത്ത് സൂക്ഷിക്കേണ്ടതാണ്. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധചെലുത്തേണ്ടതാണ്.

വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. സ്ഥാപനത്തിലെ സ്റ്റോഴ്സ് ആന്റ് സ്റ്റോക്ക് സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും (Sl.no, Accounting Years, Description Of The Item, Quantity, Bill Date, Vr.No/Dt, Amount(Rs.) Purchased/Sold, Location/Identification, Funded By എന്നിവ) ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. കംപ്യൂട്ടർ, കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്കു വിവരം, അവയുടെ ലൊക്കേഷൻ എന്നിവ പ്രത്യേകമായി ഇ-രജിസ്റ്ററിൽ രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്. വാങ്ങൽ നടപടിക്രമങ്ങൾ കൃത്യതയോടെ പാലിക്കേണ്ടതാണ്.

വൗച്ചറുകളോടൊപ്പം അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല. എല്ലാ ചെലവ് വൗച്ചറുകളിലും ചെലവ് സാധൂകരിക്കുന്ന രേഖകൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുവെന്നതിന് രേഖയില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്. അമ്മക്കിളിക്കൂട് പ്രാവർത്തികമാക്കാൻ നാളിതുവരെ കഴിയാതിരുന്ന സാഹചര്യം ഭരണ-നിർവഹണ വിഭാഗങ്ങൾ അടിയന്തിരപ്രാധാന്യത്തോടെ പരിഗണിക്കേണ്ടതാണ്.

വിവിധ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ മോണിറ്ററിംഗ് നിർവഹിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള കൃത്യതയാർന്ന ആധികാരികമാക്കിയ രേഖപ്പെടുത്തലുകളും തുടർനിരീക്ഷണങ്ങളും അനിവാര്യമാണ്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൽ ഇനിയും രൂപപ്പെട്ടിട്ടില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-01-2023 | 2021-22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.3.21 | 2016-17 - 2019-20 | 05.10.2021 |

## 1-9 വരവ് തുക യഥാസമയം ഒടുക്കു വരുത്താത്തത്.

A) 28-05-2021 ലെ ഫ്രണ്ട് ഓഫീസ് കളക്ഷൻ 853/57ാം നമ്പർ രസീത് ഉപയോഗിച്ച് ജോർജ്ജ് സാമുവേൽ, പുത്തൻ പറപ്പിൽ, പത്തനാപുരം എന്ന വ്യക്തിയിൽ നിന്നും 1,015/-രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക ബാങ്കിൽ ഒടുക്കിയത് 7-6-2021 ആണ്.

B) 17-08-2022 ലെ ഫ്രണ്ട് ഓഫീസ് കളക്ഷൻ 853/63-ാം നമ്പർ രസീത് ഉപയോഗിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ, LSGD നിന്നും 4,821/-രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക ബാങ്കിൽ ഒടുക്കിയത് 31-8-2022 ആണ്.

കെ.എഫ്.സി. വോള്യം I ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവർത്തി ദിവസം ഒടുക്കവരുത്തേണ്ടതാണ്. കളക്ഷൻ തൊട്ടടുത്ത പ്രവർത്തി ദിവസം ഒടുക്കുവരാത്തതിന്റെ കാരണം ഓഡിറ്റിൽ ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം-6) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, ബാങ്ക് അവധി മൂലമാണ് പണം ഒടുക്കാതിരുന്നതെന്ന മറുപടി അംഗീകരിക്കുന്നതിന് സാധിക്കുകയില്ല. ദിവസങ്ങളോ മാസങ്ങളോ തുക ഒടുക്ക വരുത്താത്തതിന് മേൽനോട്ടച്ചുമതലയുള്ള സെക്രട്ടറി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-6/ 16.03.2023

## 1-10 പഞ്ചായത്ത് രാജ് നിയമം ലംഘിച്ച് ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ നടപ്പാക്കി

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ നടപ്പാക്കി. കാർഷിക മൃഗസംരക്ഷണ മേഖലയിലാണ് ചട്ടലംഘനം നടത്തിയിട്ടുള്ളത്. കേരളാ പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് 1-ാം ഉപവകുപ്പ് ബ്ലോക്ക് പഞ്ചായത്ത് ചുമതലകളിലെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് കറവപശുവിനെ വാങ്ങുന്നതിന് സഹായം നൽകൽ, മുട്ടക്കോഴി വിതരണം എന്നിവ ഉൾപ്പെടുന്നില്ല. സ.ഉ(കൈ) 22/2018/തസ്വഭവ തീയതി 14-02-2018 പ്രകാരം കറവപശുവിനെ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം വ്യക്തിഗത ഗുണഭോക്താക്കൾക്ക് സഹായം നൽകൽ, മുട്ടക്കോഴി വിതരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങളാണ്. എന്നാൽ പത്തനാപുരം ഗ്രാമപഞ്ചായത്ത് 2020-21, 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഒരു കൈയിൽ പാലും മുട്ടയും പദ്ധതി പ്രകാരം പശുവിനെ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം ജനറൽ വിഭാഗത്തിന് 27500/- രൂപയും എസ്.സി. വിഭാഗത്തിന് 35,000/- രൂപയും നൽകിയിട്ടുണ്ട്. കൂടാതെ 10 മുട്ടക്കോഴി കുഞ്ഞുങ്ങളേയും ഈ പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലും കറവപശുവിനെ വാങ്ങുന്നതിനുള്ള പദ്ധതികളും മുട്ടക്കോഴി വിതരണത്തിനുള്ള പദ്ധതികളും 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഒരേ സ്വഭാവത്തിലുള്ള പദ്ധതികൾ സമാന്തരമായി നടപ്പാക്കുക വഴി ഒരേ ഗുണഭോക്താക്കൾക്ക് തന്നെ ഒരേയിനത്തിന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള സാധ്യതയുണ്ട്. ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഈ മേഖലയിൽ സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല എന്ന് സർട്ടിഫിക്കറ്റ് ഗുണഭോക്താക്കൾ ലഭ്യമാക്കിയിട്ടുമില്ല.

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) 852-ാം നമ്പർ രസീത് ബുക്ക് ആയുർവ്വേദ മെഡിക്കൽ ഓഫീസർക്ക് 2018-19 സാമ്പത്തിക വർഷം നൽകിയിട്ടുള്ളതും 1 മുതൽ 7 വരെ രസീതുകൾ ഉപയോഗിച്ചതിന് ശേഷം മെഡിക്കൽ ഓഫീസർ 31-01-2019-ൽ രസീത് ബുക്ക് ബ്ലോക്ക് പഞ്ചായത്തിൽ തിരികെ നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഈ രസീതു ബുക്ക് 2021-22, 2022-23 സാമ്പത്തിക വർഷം പണം സ്വീകരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗിച്ചതായി കണ്ടെത്തി. സ്റ്റോക്ക് രജിസ്റ്ററിൽ ഈ രസീത് ബുക്ക് ബ്ലോക്ക് പഞ്ചായത്തിൽ പുനരുപയോഗിക്കുന്നത് സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

2) 852-ാം നമ്പർ രസീത് ബുക്കിലെ 8 മുതൽ 12 വരെ രസീതുകൾ ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല. 13 മുതലുള്ള രസീതുകളാണ് ഉപയോഗിച്ചിരിക്കുന്നത്. രസീതുബുക്കിലെ രസീതുകൾ സീരിയൽ നമ്പർ ക്രമത്തിലാണ് ഉപയോഗിക്കേണ്ടത് എന്നിരിക്കെയാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്.

തുടർച്ചയായ തീയതികളിൽ രസീത് എഴുതുന്നില്ല – 852-ാം നമ്പർ രസീത് ബുക്കിലെ 13-ാം നമ്പർ രസീത് 9-1-2023ന് ഉപയോഗിച്ചതായും, 14-ാം നമ്പർ രസീത് 7-1-2023ന് ഉപയോഗിച്ചതായുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 15, 16 നമ്പർ രസീതുകൾ 18-01-2022ന് ഉപയോഗിച്ചതായി

രേഖപ്പെടുത്തിയിരിക്കുന്നത്. 17-ാം നമ്പർ രസീത് 18-01-2023ന് ഉപയോഗിച്ചതായുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 19-ാം നമ്പർ രസീത് 23-12-2022ന് ഉപയോഗിച്ചതായുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ പറഞ്ഞ രസീതുകൾ ഉപയോഗിച്ച് പിരിച്ച തുക ബാങ്കിൽ ഒടുക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നമ്പർ | രസീതിലെ തീയതി | തുക (₹) | ബാങ്കിൽ ഒടുക്കിയ തീയതി |
|---|---|---|---|
| 13 | 9-1-2023 | 2,115/- | 10-1-2023 |
| 14 | 7-1-2023 | 5,852/- | 7-1-2023 |
| 15 | 18-01-2022 | 18,768/- | 18-01-2022 |
| 16 | 18-01-2022 | 8,000/- | 18-01-2022 |
| 17 | 18-01-2023 | 6,000/- | 18-01-2023 |
| 18 | ക്യാൻസൽ | | |
| 19 | 23-12-2022 | 7,500/- | 23-12-2022 |
| 20 | 03-01-2023 | 15,600/- | 03-01-2023 |
| 21 | 10-01-2023 | 9,000/- | 10-01-2023 |
| 22 | 27-01-2023 | 11,700/- | 27-01-2023 |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 18(2), 20(a,b,c) ൽ പണം സ്വീകരിക്കുന്നതിലെ നടപടിക്രമങ്ങളെ സംബന്ധിച്ച് വ്യക്തമാക്കിട്ടുണ്ട്. എന്നാൽ ഈ നടപടിക്രമം പാലിച്ചല്ല പണം സ്വീകരിച്ചതിന് രസീത് നൽകിയിരിക്കുന്നതെന്ന് മേൽ പറഞ്ഞ രസീതുകളുടെ പരിശോധനയിൽ കണ്ടെത്തി. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി 06/2023 തീയതി 16/03/2023) നൽകിയിരുന്നവെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. ഈ വിഷയം പരിശോധിച്ച് ബന്ധപ്പെട്ടവരിൽ നിന്നും വിശദീകരണം വാങ്ങി തുടർനടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

3) ഒറിജിനൽ രസീത് വിതരണം ചെയ്തു. വിശദവിവരം ചുവടെ ചേർക്കുന്നു.

| രസീത് നമ്പർ | രസീതിലെ തീയതി | തുക (₹) | ബാങ്കിൽ ഒടുക്കിയ തീയതി |
|---|---|---|---|
| 852/19 | 23-12-2022 | 7,500/- | 23-12-2022 |
| 852/20 | 03-01-2023 | 15,600/- | 03-01-2023 |
| 852/21 | 10-01-2023 | 9,000/- | 10-01-2023 |
| 852/22 | 27-01-2023 | 11,700/- | 27-01-2023 |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(1(c)) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷിൻ നമ്പർ നൽകി ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയായിരിക്കണം. അസൽ രസീത് ഓഫീസിൽ സൂക്ഷിക്കുകയും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആളിന് നൽകുകയും വേണം. എന്നാൽ മേൽ പറഞ്ഞ രസീതുകളിൽ ഒറിജിനൽ രസീത് വിതരണം ചെയ്യുകയും ഡ്യൂപ്ലിക്കേറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിരിക്കുകയുമാണ്.

4) രസീത് നൽകാതെ പണം സ്വീകരിക്കുന്നു. എഴുതി സൂക്ഷിക്കുന്ന ക്യാഷ് രജിസ്റ്റർ പ്രകാരം 15-03-2023ൽ 10,200/-രൂപ ഡയറി എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും സ്വീകരിച്ചതായും 16-03-2023 തുക ബാങ്കിൽ ഒടുക്കിയതായും രേഖപ്പെടുത്തലുണ്ട്. എന്നാൽ മാന്വൽ രസീതോ, സാംഖ്യ രസീതോ നൽകാതെയാണ് പണം സ്വീകരിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(എൻക്വയറി 06/2023 തീയതി 16/03/2023) നൽകിയതിനെ തുടർന്ന് 17-03-2023ന് മാത്രമാണ് ഈ തുകയ്ക്ക് സാംഖ്യ രസീത് അടിച്ചത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(2(a)ൽ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും പണം സ്വീകരിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചട്ടപ്രകാരമുള്ള നടപടികൾ പാലിക്കാതെയാണ് പണം സ്വീകരിച്ചത്.

5) ഈ സാമ്പത്തിക വർഷം ആയുർവേദ മെഡിക്കൽ ഓഫീസർ വിതരണം ചെയ്ത 861-ാം നമ്പർ രസീത് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല.

6) 01.04.2022 മുതൽ സാംഖ്യയിൽ വരവുകൾ കൃത്യമായി ചേർത്തിട്ടില്ല.

മേൽ അപാകതകൾക്കുമേൽ വസ്തുനിഷ്ഠമായ വിശദീകരണം ലഭ്യമാക്കുകയും ആയവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കേണ്ടതുമാണ്.

## 1-12 ധനാഗമ/ധനവിനിയോഗ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക പിൻവലിച്ച് സൂക്ഷിച്ചു

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവ സഞ്ചിത നിധിയിൽ നിന്നും പബ്ലിക്ക് അക്കൗണ്ടിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഡെപ്പോസിറ്റായി ട്രാൻസ്ഫർ ചെയ്യുന്ന സമ്പ്രദായം നിർത്തലാക്കുകയും വികസനഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവ സഞ്ചിത നിധിയിൽ തന്നെ നിലനിർത്തികൊണ്ട് ആവശ്യമായ തുക ബിൽ മുഖേന ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന സമ്പ്രദായം ജി.ഒ(പി) 119/2015/ഫിൻ-21-03-2015 പ്രകാരം നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടുള്ളതല്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തിലെ അംഗീകൃത പദ്ധതി പ്രകാരമുള്ള ചെലവ് നടക്കുന്നതിനായി മുൻകൂറായി തുക പിൻവലിച്ച് സംയുക്ത പദ്ധതിക്കുള്ള അക്കൗണ്ടിൽ സൂക്ഷിച്ച് ആറ് മാസങ്ങൾക്ക് ശേഷം അംഗീകാരം കിട്ടിയ പദ്ധതി അടങ്കൽ തുകയിൽ നിന്നും കൂടുതലായി ചെലവഴിച്ചു.

2020-21 സാമ്പത്തിക വർഷത്തിൽ അംഗീകാരം കിട്ടിയ "ബ്ലോക്ക് പഞ്ചായത്തിന് വിട്ട് കിട്ടിയ താലൂക്ക് ആശുപത്രിക്ക് സ്ഥലം വാങ്ങൽ" എന്ന പദ്ധതിയ്ക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 35 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിലെ ആറ് ഗ്രാമപഞ്ചായത്തുകളുടെ വിഹിതമായി 1.65 കോടി രൂപയും ഉൾപ്പെടെ ആകെ 2 കോടി രൂപ വകയിരുത്തിയിരുന്നു. പദ്ധതിയുടെ നടപടിക്രമങ്ങൾ 2020-21 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചെങ്കിലും വസ്തു വാങ്ങുന്നതുമായി ബന്ധപ്പെട്ട നിയമനടപടികൾ പൂർത്തിയാക്കിയിരുന്നില്ല. ആയതിനാൽ 2021 മാർച്ച് 31 നകം വകയിരുത്തിയ രണ്ട് കോടി രൂപ ചെലവഴിക്കപ്പെടാതിരിക്കുന്ന പക്ഷം ഫണ്ട് നഷ്ടമാകാൻ സാധ്യതയുള്ളതിനാൽ ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയ 35 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തുകൾ വകയിരുത്തിയ 1.65 കോടി രൂപയും പത്തനാപുരം സബ്ട്രഷറിയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പേർക്കുള്ള സംയുക്ത പദ്ധതിക്കുള്ള 799011400002551 എന്ന അക്കൗണ്ടിലേയ്ക്ക് മാറ്റിയിടുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 26-02-2021 തീയതിയിലെ അടിയന്തിര യോഗത്തിലെ 1(7) നമ്പറായി തീരുമാനമെടുത്ത് നടപ്പിലാക്കി.

തുടർന്ന് 2021-22 സാമ്പത്തിക വർഷത്തിൽ ശ്രീമതി. കൃഷ്ണകുമാരി, ലക്ഷ്മി നിവാസ്, കടയ്ക്കാമൺ, പത്തനാപുരം എന്ന വ്യക്തിക്ക് 45,85,320/-രൂപയും (4185320/-ചെക്ക് നം - 2919324/24-09-2021; 4,00,000/-) നന്ദിത ഗോപാൽ, പടിഞ്ഞാറേ അയണിവീട്, ഞാറയ്ക്കൽ, തലവൂർ എന്ന വ്യക്തിക്ക് 1,07,00,000/-രൂപയും ( ചെക്ക് നം -2146343/24-09-21 പ്രകാരം 15 ലക്ഷം രൂപ ; ചെക്ക് നം -2919341/24-09-21 പ്രകാരം 8741462/-രൂപയും 458538/-രൂപയും) രാജമ്മ, മുകളഴികത്ത് വീട്, മഞ്ചള്ളൂർ എന്ന വ്യക്തിക്ക് 55,12,500/-രൂപയും ( ചെക്ക് നമ്പർ 2929342/24-09-21-) ഉൾപ്പെടെ ആകെ 2,07,97,820/-രൂപയും ആകെ ചെലവഴിച്ചു. പദ്ധതിയ്ക്കായി ആകെ 2 കോടി രൂപ വകയിരുത്തി 20-21 സാമ്പത്തിക വർഷത്തിൽ തന്നെ തുക പിൻവലിച്ച് മാറ്റിയിട്ട ശേഷം അടങ്കൽ തുക 2,07,97,820/-രൂപയായി ഉയർന്നപ്പോൾ പദ്ധതിയിൽ ഭേദഗതി വരുത്തി അംഗീകാരം വാങ്ങിയല്ല ചെലവ് നടത്തിയിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 7,97,820/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അംഗീകരിച്ച പദ്ധതി അടങ്കൽ തുകയിൽ നിന്നും തുക അധികമായി ചെലവഴിച്ച നടപടിയ്ക്ക് ക്ഷമതയുള്ള അധികാര സ്ഥാനത്തു നിന്നും സാധൂകരണം വാങ്ങി ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

കൂടാതെ 195/22-നമ്പറായി "പത്തനാപുരം താലൂക്ക് ആശുപത്രിക്ക് അധികമായി വസ്തു വാങ്ങുന്നതിന് വിഹിതം" എന്ന പദ്ധതി പ്രകാരം തൻവർഷം ആകെ 21,50,000/-രൂപയും (ബ്ലോക്ക് പഞ്ചായത്ത് തനത് വിഹിതം -10.5 ലക്ഷം, പത്തനാപുരം, പിറവന്തൂർ ഗ്രാമ പഞ്ചായത്തുകളുടെ വിഹിതമായ 11 ലക്ഷം രൂപ) ചെലവഴിച്ചെങ്കിലും ടി ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ട് വന്നിട്ടില്ല.

തുക നിയമവിരുദ്ധമായി മുൻകൂറായി പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ച് ചെലവു നടത്തിയതിന് വ്യക്തമായ മറുപടി സഹിതം വിശദാംശങ്ങൾ അറിയിക്കേണ്ടതും സർക്കാരിൽ നിന്ന് അംഗീകാരം വാങ്ങേണ്ടതുമാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നം 12/17-03-2023

തടസ്സപ്പെടുത്തിയ തുക -7,97,820/-രൂപ

## 1-13 അമ്മക്കിളിക്കൂട് -പദ്ധതി ലക്ഷ്യം കണ്ടില്ല -ചെലവ്തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ – അമ്മക്കിളിക്കൂട് – അനുബന്ധ സാധനങ്ങൾ വാങ്ങൽ (S0132/22)

ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 10,056/- രൂപ വകയിരുത്തി അമ്മക്കിളിക്കൂട് – അനുബന്ധ സാധനങ്ങൾ വാങ്ങൽ എന്ന പദ്ധതി സ്പിൽഓവറായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. മുലയൂട്ടൽ കേന്ദ്രം സ്ഥാപിച്ച് അമ്മക്കും കുഞ്ഞിനും വിശ്രമകേന്ദ്രമൊരുക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 2020-21 ൽ ആകെ 1,89,944/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുകയിൽ 72,994/-രൂപ അനുബന്ധ സാധനങ്ങൾ വാങ്ങുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. എന്നിട്ടും പദ്ധതി ഫലപ്രദമായില്ല. 2021-22 കാലയളവിൽ സ്പിൽഓവറായി നടത്തിയ പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നും 5,856/-രൂപ കൂടി ചെലവഴിച്ചു. ആകെ 1,95,800/-രൂപ ഇനിയും പ്രവർത്തനക്ഷമമാകാത്ത പദ്ധതിക്കായി ചെലവാക്കി. 2020-21, 2021-22 ൽ സാധനസാമഗ്രികൾ വാങ്ങലിനായി ചെലവ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | ചെലവഴിച്ച തുക (രൂപ) | ബിൽ നം/തീയതി |
|---|---|---|---|---|
| | Water Purifier | 1 | 27,542/- | 02/20.04.2020 |
| | Steel Table With 1 Drawer And Cup Board | 1 | 4,237/- | |
| | Steel Chair | 10 | 5,080/- | |
| | Wooden Coat | 1 | 6,356/- | |
| | Toys | 1 | 2,542/- | |
| | Bed | 1 | 5,508/- | |
| | Fan | 2 | 4,238/- | |
| | Hard Wood Cushion Chair | 1 | 6,356 | |
| | Total | | 61,859 | |
| | Gst | 18% | 11,134.62 | |
| | Grant Total | | 72,993.62 (UPTO 2020-21)<br>5,856/- (2021-22) | |

ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിനോട് അനുബന്ധിച്ച് സ്ഥാപിച്ചതും പ്രവർത്തനക്ഷമമല്ലാത്തതുമായ അമ്മക്കിളിക്കൂട് നിലവിൽ പാഴ്ചെലവായി മാറിയ അവസ്ഥയിലാണ്. ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ തന്നെയുള്ള ഈ സംരംഭം പരിതാപകരമായ അവസ്ഥയിൽ കിടക്കുന്നത് ഒരുകാരണവശാലും അംഗീകരിക്കാവുന്നതല്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലൂടെ അമ്മക്കിളിക്കൂടിന്റെ അവസ്ഥ സംബന്ധിച്ച് പരാമർശിച്ചിട്ടും യാതൊരു തുടർനടപടികളും കൈക്കൊള്ളാത്തത് ഭരണ-നിർവഹണ വിഭാഗങ്ങളുടെ വീഴ്ചയായും പൊതുപണം പാഴാക്കുന്നതിന്റെയും നിദർശനമായി വിലയിരുത്താവുന്നതാണ്. CDPO യുടെ സാന്നിധ്യത്തിൽ 15-03-2023 ന് നടത്തിയ ഭൗതിക പരിശോധനയിൽ ചുവടെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

- അമ്മക്കിളിക്കൂടിനായി കണ്ടെത്തിയിട്ടുള്ള കെട്ടിടത്തിൽ വൈദ്യുതീകരണം നടത്തിയിട്ടില്ല. ആയതിനാൽ Water Purifier, Fan എന്നിവ സ്ഥാപിക്കാതെ മുറിയിൽ സൂക്ഷിച്ചിരിക്കുന്നതായി കാണാൻ കഴിഞ്ഞു.
- 6,356/- രൂപ ചെലവഴിച്ച് വാങ്ങിയ Hard Wood Cushion Chair കണ്ടെത്താൻ കഴിഞ്ഞില്ല. പദ്ധതി തുക വകയിരുത്തി വാങ്ങിയ സാധനങ്ങൾ എല്ലാം തന്നെ ഉപയോഗ പ്രദമാക്കാതെ മുറിയിൽ

സൂക്ഷിച്ചിരിക്കുകയാണ്.

. ആക്രി സാധനങ്ങൾ കൂട്ടിയിട്ട നിലയിലും മുറിയാകെ ചിലന്തിവല മൂടപ്പെട്ട അവസ്ഥയിലുമാണ്.

മുലയൂട്ടൽ കേന്ദ്രം സ്ഥാപിച്ച് അമ്മയ്ക്കും കുഞ്ഞിനും വിശ്രമിക്കുന്നതിനും വേണ്ടി വികസനഫണ്ടിൽ നിന്നും 2020-21 ൽ 2,00,000/- രൂപ വകയിരുത്തി വിഭാവനം ചെയ്ത പദ്ധതി 1,89,944/-രൂപ ചെലവഴിച്ചിട്ടും ഫലപ്രാപ്തിയിൽ എത്തിയിരുന്നില്ല. പദ്ധതിയുടെ ഉദ്ദേശലക്ഷ്യം പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 1,89,944/ രൂപ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ഇതിന് പുറമേ തൻവർഷം 5,856/-രൂപ കൂടി ചെലവ് ചെയ്തിട്ടും അമ്മക്കിളിക്കൂട് യാഥാർത്ഥ്യമായില്ല. ഈ സാഹചര്യത്തിൽ ആകെ ചെലവ് തുക 1,95,800/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.



ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉടൻ തുടർനടപടി സ്വീകരിച്ച് ആസ്തി പ്രവർത്തനക്ഷമമാക്കിയില്ലെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയാക്കി നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. – 04/15-03-2023 [വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് അമ്മക്കിളിക്കൂട് യാഥാർത്ഥ്യമാക്കും എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.]

തടസ്സപ്പെടുത്തുന്ന തുക – 1,89,944/- രൂപ (2020-21)+ 5856/-രൂ(2021-22) – 1,95,800/-രൂപ

(ബിൽ നം. 01/20.4.20 – 1,16,950/-രൂപ, 02/20.04.20-72,994/-രൂപ, ബിൽ നം.186/01-01-2022 – 5,856/-രൂപ)

## 1-14 ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരമുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | ചെലവഴിച്ച തുക (രൂപ) | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനുള്ള ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക (രൂപ) |
|---|---|---|---|---|
| 1 | 27/22<br>അങ്കണവാടി പൂരക പോഷകാഹാരം ഗ്രാമപ്പഞ്ചായത്തിന് വിഹിതം നൽകൽ | 8,00,000/-<br>(187/1-1-22) | പട്ടാഴി വടക്കേക്കര | 1,42,633/- |
| 2 | 30/22<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 8,00,000/-<br>(189/1-1-22) | പിറവന്തൂർ<br>പട്ടാഴി വടക്കേക്കര | 1,40,000/-<br>1,10,000/- |
| | ആകെ | 16,00,000/- | | 3,92,633/- |

